**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **6042** **04.11.2016 - ൽ** മറുപടിയ്ക്ക്

**ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഭവനനിർമ്മാണ വകുപ്പിന് സ്വന്തമായുള്ള സ്ഥലം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ബി.ഡി. ദേവസ്സി** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി)** |
| ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഭവനനിർമ്മാണ വകുപ്പിനു സ്വന്തമായുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് വാണിജ്യസമുച്ചയവും, ഫ്ലാറ്റുകളും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | തൃശ്ശൂർ ജില്ലയിൽ കിഴക്കേ ചാലക്കുടിയിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള ഭവനനിർമ്മാണ പദ്ധതി പ്രദേശത്ത് വാണിജ്യാവശ്യത്തിനായി നീക്കി വച്ചിട്ടുള്ള 60.72 സെന്റ് സ്ഥലത്ത് 5 നിലകളുള്ള 5456.64 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു കമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി ബോർഡ് രൂപ കല്പന ചെയ്തിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണംവാങ്ങി പാരസ്പര്യ പദ്ധതിയായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്ക് 24/09/2016-ലെ സ.ഉ.(കൈ) 31/2016/ഭവനം നമ്പർ ഉത്തരവുപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉപഭോക്താക്കളെ ഉറപ്പാക്കി പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടി പദ്ധതിയിൽ ഫ്ലാറ്റുകൾ ഇപ്പോൾ വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ